**മധുരമായ കുട്ടികളേ, ബാബയുടെ കഴുത്തിലെ ഹാരമാകുന്നതിനു വേണ്ടി ജ്ഞാന യോഗത്തിന്റെ മത്സരം നടത്തൂ, മുഴുവൻ ലോകത്തിനും ബാബയുടെ പരിചയം നല്കുക എന്നതാണ് നിങ്ങളുടെ കർത്തവ്യം.**

**ചോദ്യം** : സദാ ഏതൊരു ലഹരിയിലിരിക്കുകയാണെങ്കിൽ രോഗം പോലും ഭേദമാകും?
**ഉത്തരം** : ജ്ഞാന യോഗത്തിന്റെ ലഹരിയിലിരിക്കൂ, ഈ പഴയ ശരീരത്തെക്കുറിച്ച് ചിന്തിക്കാതിരിക്കൂ. എത്രമാത്രം ശരീരത്തിലേയ്ക്ക് ബുദ്ധി പോകുന്നുവോ ലോഭം വെയ്ക്കുന്നുവോ അത്രയും തന്നെ രോഗങ്ങളും ഉണ്ടായിക്കൊണ്ടിരിക്കും. ഈ ശരീരത്തെ അലങ്കരിക്കുക, പൗഡറും ക്രീമും ഉപയോഗിക്കുക – ഇതെല്ലാം വ്യർത്ഥമായ അലങ്കരിക്കലാണ്, നിങ്ങൾ നിങ്ങളെ ജ്ഞാന യോഗം കൊണ്ട് അലങ്കരിക്കണം. ഇതാണ് നിങ്ങളുടെ സത്യ സത്യമായ അലങ്കാരം.

**ഗീതം** : ആരാണോ അച്ഛനോടൊപ്പം അവർക്കാണ് ജ്ഞാനമഴ.........

**ഓംശാന്തി**. ആരാണോ അച്ഛനോടൊപ്പമുള്ളത്........., ലോകത്തിൽ വളരെയധികം അച്ഛന്മാരുണ്ട് പക്ഷേ ആ സർവ്വരുടേയും അച്ഛനായ രചയിതാവ് ഒന്നാണ്. ആ അച്ഛൻ തന്നെയാണ് ജ്ഞാനത്തിന്റെ സാഗരം. പരംപിതാ പരമാത്മാവാണ് ജ്ഞാനത്തിന്റെ സാഗരം എന്നതും ജ്ഞാനത്തിലൂടെ തന്നെയാണ് സത്ഗതിയുണ്ടാകുന്നതും എന്നത് തീർച്ചയായും മനസ്സിലാക്കണം. സത്യയുഗത്തിന്റെ സ്ഥാപന നടക്കുമ്പോഴാണ് മനുഷ്യർക്ക് സത്ഗതി ലഭിക്കുന്നത്. ബാബയെ തന്നെയാണ് സത്ഗതി ദാതാവ് എന്ന് വിളിക്കുന്നത്. സംഗമത്തിന്റെ സമയമാകുമ്പോൾ ജ്ഞാന സാഗരൻ വന്ന് ദുർഗ്ഗതിയിൽ നിന്നും സത്ഗതിയിലേയ്ക്ക് കൊണ്ട് പോകും. ഭാരതമാണ് ഏറ്റവും പ്രാചീനമായത്.ഭാരതവാസികളുടെ പേരിൽ തന്നെയാണ് 84 ജന്മം എന്ന് പറയുന്നത്.ആദ്യമാദ്യം ഉണ്ടായിരുന്ന മനുഷ്യർ തന്നെയാണ് 84 ജന്മം എടുക്കുന്നത്.ദേവതകളുടേത് 84 ജന്മം എന്ന് പറയുമെങ്കിൽ ബ്രാഹ്മണരുടേതും 84 ജന്മം തന്നെയാണ്.മുഖ്യമായിട്ടുള്ളവരെക്കുറിച്ചാണ് പരാമർശിക്കുന്നത്. ഈ കാര്യങ്ങൾ ആർക്കും അറിയില്ല. ബ്രഹ്മാവിലൂടെ തന്നെയാണ് സൃഷ്ടി രചിക്കുന്നത്.ആദ്യമാദ്യം സൂക്ഷ്മ ലോകം രചിക്കുന്നു പിന്നെ ഈ സ്ഥൂല ലോകം.സൂക്ഷ്മ ലോകം എവിടെയാണ്, മൂലവതനം എവിടെയാണ് എന്നതൊക്കെ കുട്ടികൾക്കറിയാം.മൂലവതനം, സൂക്ഷ്മ വതനം, സ്ഥൂലവതനം – ഇതിനെ തന്നെയാണ് ത്രിലോകം എന്ന് പറയുന്നത്.ത്രിലോകം എന്ന് പറയുമ്പോൾ അതിന്റെ അർത്ഥവും മനസ്സിലാക്കണമല്ലോ.ത്രിലോകം ഉണ്ടായിരിക്കുമല്ലോ അല്ലേ.വാസ്തവത്തിൽ ത്രിലോകീനാഥൻ എന്ന് ബാബയേയാണ് പറയുവാൻ കഴിയുക, പിന്നെ കുട്ടികളേയും വിളിക്കുവാൻ സാധിക്കുന്നു.ഇവിടെ ചില മനുഷ്യരുടെ പേര് ത്രിലോകീനാഥൻ, ശിവൻ, ബ്രഹ്മാവ്, വിഷ്ണു, ശങ്കരൻ എന്നൊക്കെയാണ്........ഈ പേരുകൾ എല്ലാം ഭാരതവാസികളിലാണ് വെച്ചിരിക്കുന്നത്.രാധാകൃഷ്ണൻ, ലക്ഷ്മീനാരായണൻ ഇങ്ങനെ ഡബിൾ പേരും വെയ്ക്കുന്നു.രാധയും കൃഷ്ണനും വേറെ വേറെയായിരുന്നു എന്ന് ആർക്കും അറിയില്ല.കൃഷ്ണൻ ഒരു രാജധാനിയിലെ രാജകുമാരനായിരുന്നു, രാധ മറ്റൊരു രാജധാനിയിലെ രാജകുമാരിയായിരുന്നു.ഇപ്പോൾ നിങ്ങൾ ഇത് അറിയുന്നുണ്ട്.നല്ല നല്ല കുട്ടികളുടെ ബുദ്ധിയിൽ നല്ല നല്ല പോയിന്റുകൾ ധാരണയാകുന്നു.നല്ല സമർത്ഥനായ ഡോക്ടറാണെങ്കിൽ അദ്ദേഹത്തിന് ധാരാളം മരുന്നുകളുടെ പേര് അറിയാമായിരിക്കും. ഇവിടെയും ഇതുപോലെ നല്ല നല്ല പോയിന്റുകൾ ലഭിച്ച് കൊണ്ടിരിക്കുന്നു. ദിവസംതോറും കണ്ടുപിടുത്തങ്ങൾ നടന്ന് കൊണ്ടിരിക്കുന്നു. നല്ല അഭ്യാസികളായിട്ടുള്ളവർ പുതിയ പുതിയ പോയിന്റുകൾ ധാരണ ചെയ്ത് കൊണ്ടിരിക്കും.ധാരണ ചെയ്യുന്നില്ല എങ്കിൽ മഹാരഥികളുടെ ലൈനിൽ വരുവാൻ സാധിക്കില്ല.സർവ്വതിന്റെയും ആധാരം ബുദ്ധിയിലാണ് പിന്നെ ഭാഗ്യത്തിന്റെ കാര്യവുമുണ്ട്.ഇതും ഡ്രാമയിലുള്ളതാണല്ലോ അല്ലേ.ഡ്രാമയേയും ആരും അറിയുന്നില്ല.കർമ്മക്ഷേത്രത്തിൽ നമ്മൾ പാർട്ട് അഭിനയിക്കുകയാണ് എന്ന് മനസ്സിലാക്കുന്നുണ്ട്. എന്നാൽ ഡ്രാമയുടെ ആദി മദ്ധ്യ അന്ത്യത്തെ അറിയുന്നില്ല അർത്ഥം ഒന്നും അറിയുന്നില്ല.നിങ്ങൾക്ക് സർവ്വതും അറിയേണ്ടതുണ്ട്.

ബാബ വന്നിരിക്കുകയാണ് എന്ന് കുട്ടികൾ മനസ്സിലാക്കി അപ്പോൾ കുട്ടികളുടെ കർത്തവ്യമാണ് മറ്റുള്ളവർക്കും പരിചയം കൊടുക്കുക.ലോകം മുഴുവൻ പറഞ്ഞ് കൊടുക്കുക എന്നത് നിങ്ങളുടെ കർത്തവ്യമാണ്.നമ്മൾക്ക് അറിയില്ലായിരുന്നു എന്ന് അവർ പറയരുത്. ധാരാളം പേർ നിങ്ങളുടെ അടുക്കൽ വരും.ധാരാളം ലിറ്ററേച്ചറും മറ്റും വാങ്ങും.ആരംഭത്തിൽ കുട്ടികൾക്ക് വളരെയധികം സാക്ഷാത്ക്കാരം ലഭിച്ചിട്ടുണ്ട്.ക്രിസ്തുവും

ഇബ്രാഹിമും ഭാരതത്തിൽ വരുന്നു.ഭാരതം സർവ്വരേയും ആകർഷിക്കുന്നു.ഭാരതം തന്നെയാണ് പരിധിയില്ലാത്ത അച്ഛന്റെ ജന്മസ്ഥാനം.ഈ ഭാരതം ഭഗവാന്റെ ജന്മ സ്ഥാനമാണ് എന്നൊന്നും അവർ അറിയുന്നില്ല.ശിവ പരമാത്മാവ് എന്ന് പറയുന്നുണ്ട് പക്ഷേ സർവ്വരേയും പരമാത്മാവ് എന്ന് പറയുന്നതിലൂടെ പരിധിയില്ലാത്ത അച്ഛന്റെ മഹത്വം തന്നെ ഇല്ലാതാക്കി. ഭാരതഖണ്ഡം ഏറ്റവും ഉയർന്ന തീർത്ഥാടന സ്ഥാനമാണ് എന്നത് നിങ്ങൾ കുട്ടികൾ മനസ്സിലാക്കുന്നുണ്ട്.സന്ദേശികൾ ആരെല്ലാമാണോ വരുന്നത്, അവർ വരുന്നത് തന്നെ അവരവരുടെ ധർമ്മം സ്ഥാപിക്കുവാനാണ്. അവർക്ക് പിന്നാലെ എല്ലാ ധർമ്മത്തിലുള്ളവരും വരുന്നു.ഇപ്പോൾ അവസാനമാണ്.തിരികെ പോകുവാൻ പരിശ്രമിക്കുകയാണ്.പക്ഷേ നിങ്ങളെ ഇവിടെ കൊണ്ട് വന്നത് ആരാണ്? ക്രിസ്തു വന്ന് ക്രിസ്ത്യൻ ധർമ്മം സ്ഥാപിച്ച് നിങ്ങളെ ആകർഷിച്ച് കൊണ്ട് വന്നു. ഇപ്പോൾ സർവ്വരും ക്ഷീണിച്ചിരിക്കുകയാണ് തിരികെ പോകുവാൻ വേണ്ടി.സർവ്വരും വരുന്നത് അവരവരുടെ പാർട്ട് അഭിനയിക്കുന്നതിനു വേണ്ടിയാണ് എന്നത് നിങ്ങൾ മനസ്സിലാക്കി കൊടുക്കണം.പാർട്ട് അഭിനയിച്ച് അഭിനയിച്ച് ദുഃഖത്തിൽ വരിക തന്നെ വേണം.ആ ദുഃഖത്തിൽ നിന്നും മോചിപ്പിച്ച് സുഖത്തിലേയ്ക്ക് കൊണ്ട് പോവുക എന്നത് ബാബയുടെ തന്നെ കർത്തവ്യമാണ്.ഭാരതം ബാബയുടെ ജന്മ സ്ഥാനമാണ്, അത്രയും മഹത്വം നിങ്ങൾ കുട്ടികളിൽ പോലും എല്ലാവരും മനസ്സിലാക്കുന്നില്ല .മനസ്സിലാക്കുകയും ലഹരി തോന്നുകയും ചെയ്യുന്ന വളരെ കുറച്ച് കുട്ടികൾ മാത്രമാണുള്ളത്.കല്പ കല്പം ബാബ ഭാരതത്തിൽ തന്നെയാണ് വരുന്നത്.ഇത് സർവ്വർക്കും പറഞ്ഞ് കൊടുക്കണം. ക്ഷണിക്കണം. ആദ്യം ഈ സേവനം ചെയ്യണം.ലിറ്ററേച്ചർ തയ്യാറാക്കണം.സർവ്വരേയും ക്ഷണിക്കണം. രചയിതാവിന്റെയും രചനയുടേയും ജ്ഞാനം ആരും അറിയുന്നില്ല.സേവനയുക്തരായി തന്റെ പേര് പ്രശസ്തമാക്കണം.ബുദ്ധിശാലികളായിട്ടുള്ള കുട്ടികളിൽ വളരെയധികം പോയിന്റുകൾ ഉണ്ടായിരിക്കും, അവരുടെ സഹായം സർവ്വരും ചോദിക്കും.അവരുടെ പേര് തന്നെ ജപിച്ച് കൊണ്ടിരിക്കും.ആദ്യം ശിവബാബയെ ജപിക്കും പിന്നെ ബ്രഹ്മാബാബയെ പിന്നെ നമ്പർവാർ അനുസരിച്ച് കുട്ടികളെ.ഭക്തീ മാർഗ്ഗത്തിൽ കൈകൊണ്ട് മാല കറക്കുന്നു, ഇപ്പോൾ വായിലൂടെ നാമം ജപിക്കുന്നു – ഇന്നയാൾ വളരെ സർവ്വീസബിളാണ്, നിരഹങ്കാരിയാണ്, വളരെ മധുരമാണ്, അവർക്ക് ദേഹാഭിമാനം ഇല്ല എന്നൊക്കെ..മധുരമാകൂ എങ്കിൽ സർവ്വരും മധുരമായി ഇടപെടും എന്ന് പറയുന്നുണ്ടല്ലോ.ബാബ പറയുന്നു നിങ്ങൾ ദുഃഖികളായിത്തീർന്നിരിക്കുന്നു, ഇപ്പോൾ നിങ്ങൾ കുട്ടികൾ എന്നെ ഓർമ്മിക്കൂ അപ്പോൾ ഞാനും സഹായിക്കും.നിങ്ങൾ വെറുക്കുകയാണെങ്കിൽ ഞാൻ എന്ത് ചെയ്യും.ഇതിന്റെ അർത്ഥം തന്നോട് വെറുപ്പ് കാണിക്കുക എന്നാണ്.പദവിയും ലഭിക്കില്ല.എത്ര അളവറ്റ ധനമാണ് ലഭിക്കുന്നത്.ഒരാൾക്ക് ലോട്ടറി അടിച്ചാൽ എത്രമാത്രം സന്തോഷിക്കുന്നു.അതിലും എത്ര സമ്മാനങ്ങളുണ്ട്. ഫസ്റ്റ് പ്രൈസ്സ്, സെക്കന്റ് പ്രൈസ്സ്, തേർട് പ്രൈസ്സ് അങ്ങനെ ഉണ്ടായിരിക്കും. അതുപോലെ ഇതും ഈശ്വരീയ മത്സരമാണ്. ജ്ഞാനത്തിന്റെയും യോഗബലത്തിന്റെയും മത്സരം.ആരാണോ ഇതിൽ തീവ്രമായി പോകുന്നത് അവർ കഴുത്തിലെ മാലയാകും സിംഹാസനത്തിനടുത്ത് ഇരിക്കും.മനസ്സിലാക്കിച്ച് കൊടുക്കുക വളരെ സഹജമാണ്.തന്റെ വീടും സംരക്ഷിക്കൂ കാരണം നിങ്ങൾ കർമ്മയോഗികളാണ്.ക്ലാസ്സിൽ ഒരു മണിക്കൂർ പഠിക്കണം പിന്നെ വീട്ടിൽ പോയി അതിനെ കുറിച്ച് മനനം ചെയ്യണം.സ്കൂളിലും അങ്ങനെ ചെയ്യാറുണ്ടല്ലോ അല്ലേ.പഠിച്ചിട്ട് വീട്ടിൽ പോയി ഹോംവർക്ക് ചെയ്യുന്നു. ബാബ പറയുന്നു ഒരു മണിക്കൂർ, അര മണിക്കൂർ.........പകൽ 8 മണിക്കൂറുണ്ട്.അതിലും ഒരു മണിക്കൂറോ അരമണിക്കൂറോ ആണ് ബാബ പറയുന്നത്.15– 20 മിനിട്ട് എങ്കിലും ക്ലാസ്സ് അറ്റന്റ് ചെയ്ത്, ധാരണ ചെയ്തിട്ട് തന്റെ ജോലി കാര്യങ്ങൾ ചെയ്യൂ.സ്വദർശന ചക്രം കറക്കൂ, ഓർമ്മയിലിരിക്കൂ എന്ന് പറഞ്ഞ് ബാബ നിങ്ങളെ മുൻപ് ഇരുത്തിയിരുന്നു.ഓർമ്മിക്കുക എന്ന് പറയുന്നുണ്ടല്ലോ അല്ലേ, ബാബയേയും സമ്പത്തിനേയും ഓർമ്മിച്ച് ഓർമ്മിച്ച് സ്വദർശന ചക്രം കറക്കി കറക്കി എപ്പോൾ ഉറക്കം വരുന്നുവോ അപ്പോൾ ഉറങ്ങൂ..അങ്ങനെ അന്തിമ മനം പോലെ ഗതിയാകും. പിന്നെ അതിരാവിലെ എഴുന്നേല്ക്കുമ്പോൾ അതേ പോയിന്റുകൾ ഓർമ്മയിൽ വരും.ഇങ്ങനെയുള്ള അഭ്യാസം ചെയ്ത് ചെയ്ത് നിങ്ങൾ നിദ്രയെ ജയിക്കുന്നവരായി മാറും.

ആര് ചെയ്യുന്നുവോ അവർ നേടും.ചെയ്യുന്നവരെ കാണാൻ സാധിക്കും.അവരുടെ പെരുമാററം തന്നെ പ്രത്യക്ഷമാക്കുന്നു.ചെയ്യാത്തവരുടെ പെരുമാററം തന്നെ മറ്റൊന്നായിരിക്കും.ഈ കുട്ടി വിചാര സാഗര മന്ഥനം ചെയ്യുന്നുണ്ട്, ധാരണ ചെയ്യുന്നുണ്ട് എന്നത് കാണുമ്പോൾ തന്നെ മനസ്സിലാകും.ലോഭമൊന്നും തന്നെ ഇല്ല.ഇത് പഴയ ശരീരമാണ്.ജ്ഞാന യോഗത്തിന്റെ ധാരണയുണ്ടാകുമ്പോഴാണ് ഈ ശരീരവും ആരോഗ്യമുള്ളതായി മാറുന്നത്.ധാരണയില്ലായെങ്കിൽ ശരീരം വീണ്ടും മോശമായിത്തീരും.ഭാവിയിലാണ് പുതിയ ശരീരം ലഭിക്കേണ്ടത്.ആത്മാവിന് പവിത്രമാകണം.ഇത് പഴയ ശരീരമാണ്, ഇതിന് എത്ര തന്നെ പൗഡറും ലിപ്സ്റ്റിക്കും ഇട്ടാലും, അലങ്കരിച്ചാലും നയാ പൈസയ്ക്ക് പ്രയോജനം ഇല്ല.ഇതെല്ലാം അനാവശ്യമായ അലങ്കരിക്കലാണ്.

ഇപ്പോൾ ശിവബാബയുമായിട്ട് നിങ്ങൾ സർവ്വരുടേയും വിവാഹ നിശ്ചയം നടന്നിരിക്കുകയാണ്. വിവാഹം നടക്കുന്ന ദിവസം പഴയ വസ്ത്രങ്ങളാണ് ധരിക്കുന്നത്.ഈ പഴയ ശരീരത്തെ അലങ്കരിക്കേണ്ടതില്ല. ജ്ഞാനയോഗം കൊണ്ട് തന്നെ അലങ്കരിക്കുകയാണെങ്കിൽ ഭാവിയിൽ രാജകുമാരനും രാജകുമാരിയുമാകും.ഇത് ജ്ഞാന മാനസരോവരമാണ്.ഇവിടെ ജ്ഞാനത്തിൽ മുങ്ങുകയാണെങ്കിൽ സ്വർഗ്ഗത്തിലെ മാലാഖയായിത്തീരും.പ്രജകളെ മാലാഖ എന്ന് പറയില്ല.കൃഷ്ണൻ തട്ടികൊണ്ട് പോയി മഹാറാണി , പട്ടമഹിഷിയാക്കി എന്ന് പറയുന്നുണ്ട്.കൊണ്ട് പോയി പ്രജകളിൽ ചണ്ഡാളനാക്കി എന്ന് പറയാറില്ല.കൊണ്ട് പോയത് തന്നെ മഹാരാജാവും മഹാറാണിയും ആക്കുന്നതിനു വേണ്ടിയാണ്.നിങ്ങൾക്കും ഈ പുരുഷാർത്ഥം ചെയ്യണം.എന്ത് പദവി ലഭിക്കുന്നുവോ അത് മതി എന്ന് ചിന്തിക്കരുത്.ഇവിടെ പഠിത്തത്തിനാണ് പ്രാധാന്യം.ഇത് പാഠശാലയല്ലേ.വളരെയധികം ഗീതാ പാഠശാലകൾ തുറക്കുന്നുണ്ട്.അവർ ഗീത കേൾപ്പിക്കുന്നു. ആരെങ്കിലും ഒരാൾ ശ്ലോകം പറഞ്ഞതിനു ശേഷം അര മുക്കാൽ മണിക്കൂർ അതിനെക്കുറിച്ച് സംസാരിക്കുന്നു.ഇതിലൂടെ യാതൊരു ലാഭവും ഇല്ല.ഇവിടെ ബാബയിരുന്ന് പഠിപ്പിക്കുന്നു.ലക്ഷ്യം വളരെ വ്യക്തമാണ്.മറ്റ് ഏതെങ്കിലും വേദ ശാസ്ത്രങ്ങൾ വായിക്കുന്നതിലോ, ജപ തപങ്ങൾ ചെയ്യുന്നതിലോ യാതൊരു ലക്ഷ്യവും ഇല്ല.പുരുഷാർത്ഥം ചെയ്ത് കൊണ്ടേയിരിക്കൂ.പക്ഷേ എന്താണ് ലഭിക്കുന്നത്?വളരെയധികം ഭക്തി ചെയ്യുമ്പോഴാണ് ഭഗവാനെ ലഭിക്കുന്നത് അപ്പോൾ രാത്രിയ്ക്ക് ശേഷം തീർച്ചയായും പകൽ വരണം.സമയത്ത് നടക്കുമല്ലോ അല്ലേ.ചിലർ കല്പത്തിന്റെ ആയുസ്സ് എത്രയൊക്കെയോ പറയുന്നു മറ്റ് ചിലർ വേറെ എന്തൊക്കെയോ പറയുന്നു.മനസ്സിലാക്കി കൊടുത്താൽ ചോദിക്കും, ശാസ്ത്രങ്ങളൊക്കെ എങ്ങനെ കള്ളമാകും?ഭഗവാൻ ഒരിക്കലും കള്ളം പറയില്ല. മനസ്സിലാക്കി കൊടുക്കുന്നതിന് ശക്തിയാണ് ആവശ്യം.

നിങ്ങൾ കുട്ടികളിൽ യോഗബലം ആവശ്യമാണ്.യോഗബലത്തിലൂടെ സർവ്വ കാര്യങ്ങളും സഹജമായി മാറുന്നു.ഏതെങ്കിലും കാര്യം ചെയ്യുവാൻ സാധിക്കുന്നില്ല എങ്കിൽ അതിന്റെ അർത്ഥം ശക്തി ഇല്ല, യോഗം ഇല്ല എന്നതാണ്.പലപ്പോഴും ബാബയും സഹായിക്കുന്നുണ്ട്. ഡ്രാമയിൽ എന്താണോ അടങ്ങിയിട്ടുള്ളത് അത് ആവർത്തിക്കുന്നു.ഇതും നമ്മൾ മനസ്സിലാക്കുന്നുണ്ട് മറ്റാരും ഡ്രാമയെ മനസ്സിലാക്കുന്നില്ല.ഓരോ സെക്കന്റിലും എന്താണോ കടന്ന് പോകുന്നത്, സംഭവിക്കുന്നത്, നമ്മൾ ശ്രീമത്തനുസരിച്ച് അഭിനയിക്കുകയാണ്.ശ്രീമതം അനുസരിച്ച് നടന്നില്ല എങ്കിൽ എങ്ങനെ ശ്രേഷ്ഠമാകും.സർവ്വർക്കും ഒരുപോലെ ആകുവാൻ സാധിക്കില്ല.ഈ ലോകത്തിലുള്ളവർ ചിന്തിക്കുന്നത് നമ്മൾ സർവ്വരും ഒന്നാകണം എന്നാണ്.ഒന്ന് എന്നതിന്റെ അർത്ഥം മനസ്സിലാക്കുന്നില്ല.ഒന്നാകണം എന്നാൽ എന്താണ്?എന്താ ഒരു അച്ഛനാകണമോ അതോ ഒരു ബ്രദർ ആകണമോ ? ബ്രദർ എന്ന് പറഞ്ഞാൽ പിന്നെയും ശരിയാണ്.ശ്രീമതത്തിലൂടെ നമുക്ക് ഒന്നാകുവാൻ സാധിക്കും.നിങ്ങൾ സർവ്വരും ഒരു മതമനുസരിച്ച് നടക്കുകയാണ്.നിങ്ങളുടെ അച്ഛനും ടീച്ചറും ഗുരുവും ഒരാൾ തന്നെയാണ്. പൂർണ്ണമായും ശ്രീമതമനുസരിച്ച് നടക്കാത്തവർ ശ്രേഷ്ഠമാകില്ല.കൃത്യമായി നടന്നില്ലായെങ്കിൽ നാശം സംഭവിക്കും. യോഗ്യരായിട്ടുള്ളവരെയാണ് മത്സരത്തിന് കൊണ്ട് പോകുന്നത്.വളരെ വലിയ മത്സരമാണെങ്കിൽ നല്ല ഫസ്റ്റ്ക്ലാസ്സായിട്ടുള്ള കുതിരയെയാണ് കൊണ്ട് പോകുന്നത് കാരണം സമ്മാനം വളരെ വലുതാണ്.ഇതും കുതിര പന്തയമാണ്.ഹുസൈനിന്റെ കുതിരയെ കുറിച്ച് പറയാറുണ്ടല്ലോ അവർ ഹുസൈൻ കുതിരപ്പുറത്തിരുന്ന് യുദ്ധം ചെയ്യുന്നതായി കാണിച്ചിരിക്കുന്നു.നിങ്ങൾ കുട്ടികൾ ഡബിൾ അഹിംസകരാണ്.നമ്പർവൺ കാമത്തിന്റെ ഹിംസയാണ്.ഈ ഹിംസയെ ആരും അറിയുന്നില്ല. സന്യാസികളും ഇത് മനസ്സിലാക്കുന്നില്ല.ഇത് വികാരമാണ് എന്ന് മാത്രം പറയുന്നു.ബാബ പറയുന്നു – കാമം മഹാ ശത്രുവാണ്.ഇത് ആദി മദ്ധ്യ അന്ത്യം നിങ്ങൾക്ക് ദുഃഖം നല്കുന്നു.നമ്മുടേത് പ്രവൃത്തി മാർഗ്ഗത്തിലെ രാജയോഗമാണ് എന്നത് നിങ്ങൾക്ക് തെളിയിച്ച് കൊടുക്കണം.നിങ്ങളുടേത് ഹഠയോഗമാണ്.നിങ്ങൾ ശങ്കരാചാര്യനിൽ നിന്നും ഹഠയോഗം പഠിക്കുന്നു, നമ്മൾ ശിവാചാര്യനിൽ നിന്നും രാജയോഗം പഠിക്കുന്നു.ഇങ്ങനെയുള്ള കാര്യങ്ങൾ സമയത്ത് കേൾപ്പിച്ച് കൊടുക്കണം.

ദേവതകൾ 84 ജന്മം എടുക്കുമെങ്കിൽ ക്രിസ്ത്യൻ ധർമ്മത്തിലുള്ളവരൊക്കെ എത്ര ജന്മം എടുക്കും എന്ന് ചോദിക്കുകയാണെങ്കിൽ, ഇത് നിങ്ങൾ തന്നെ കണക്ക് നോക്കൂ എന്ന് പറയണം.5000 വർഷത്തിൽ 84 ജന്മം എടുക്കുന്നു.ക്രിസ്തു 2500 വർഷമായി.കണക്ക് നോക്കൂ – ശരാശരി എത്ര ജന്മമാണ്? 30 – 32 ജന്മം എടുക്കും.ഇത് വ്യക്തമാണ്.വളരെയധികം സുഖം കാണുന്നവർ വളരെയധികം ദുഃഖവും കാണുന്നു.അവർക്ക് സുഖവും ദുഃഖവും കുറച്ചാണ് ലഭിക്കുന്നത്. ശരാശരി കണക്ക് നോക്കണം.അവസാനം വരുന്നവർ കുറച്ച് കുറച്ച് ജന്മം എടുക്കുന്നു. ബുദ്ധന്റെയും, ഇബ്രാഹിമിന്റെയും കണക്കുകൾ എടുക്കുവാൻ സാധിക്കും.ഒന്ന് രണ്ട് ജന്മത്തിന്റെ വ്യത്യാസം ഉണ്ടാകും.ഈ കാര്യങ്ങൾ എല്ലാം വിചാര സാഗര മന്ഥനം ചെയ്യേണ്ടതാണ്.ആരെങ്കിലും ചോദിച്ചാൽ എന്ത് മനസ്സിലാക്കിച്ച് കൊടുക്കും?എന്നാലും പറയൂ – ആദ്യം

ബാബയിൽ നിന്നും സമ്പത്ത് അല്ലേ എടുക്കേണ്ടത്.നിങ്ങൾ ബാബയെ ഓർമ്മിക്കൂ.എത്ര ജന്മം എടുക്കണമോ അത്രയും എടുക്കും. ബാബയിൽ നിന്നും സമ്പത്ത് എടുക്കൂ.നല്ല രീതിയിൽ മനസ്സിലാക്കി കൊടുക്കണം. പരിശ്രമിക്കേണ്ടതാണ്. പരിശ്രമിക്കുന്നതിലൂടെയാണ് വിജയിയാകുന്നത്.ഇതിൽ വളരെ വിശാല ബുദ്ധി വേണം.ബാബയോടും ബാബയുടെ ധനത്തിനോടും വളരെയധികം സ്നേഹം വേണം.ചിലർ ധനം എടുക്കുന്നതേയില്ല. ഏയ്, ജ്ഞാന രത്നം ധാരണ ചെയ്യൂ. അപ്പോൾ പറയും ഞങ്ങൾ എന്ത് ചെയ്യാനാണ്? ഞങ്ങൾക്ക് മനസ്സിലാകുന്നില്ല. മനസ്സിലാകുന്നില്ല എങ്കിൽ നിങ്ങളുടെ ഭാവി.ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ ഓമന സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

### ധാരണക്കുള്ള മുഖ്യസാരം -

1. ആരോടും വെറുപ്പ് കാണിക്കരുത്. സർവ്വരോടും മധുരമായിട്ട് ഇടപെടണം. ജ്ഞാന യോഗത്തിൽ മത്സരം നടത്തി ബാബയുടെ കഴുത്തിലെ ഹാരമാകണം.

2. നിദ്രയെ ജയിക്കുന്നവരായി അതിരാവിലെ എഴുന്നേററ് ബാബയെ ഓർമ്മിക്കണം. സ്വദർശന ചക്രം കറക്കണം. എന്താണോ കേൾക്കുന്നത് അതിനെ വിചാര സാഗര മഥനം ചെയ്യുന്ന ശീലം കൊണ്ട് വരണം.

### വരദാനം:- ബുദ്ധിയെ നിർദ്ദേശാനുസരണം ശ്രേഷ്ഠ സ്ഥിതിയിൽ സ്ഥിതി ചെയ്യിപ്പിക്കുന്ന മാസ്റ്റർ സർവ്വ ശക്തിവാനായി ഭവിക്കട്ടെ.

പല കുട്ടികളും യോഗത്തിലിരിക്കുമ്പോൾ ആത്മാഭിമാനിയാകുന്നതിന് പകരം സേവനത്തെക്കുറിച്ച് ഓർമ്മ വരുന്നു, പക്ഷെ അങ്ങനെയാകാൻ പാടില്ല, എന്തുകൊണ്ടെന്നാൽ അന്തിമ സമയത്ത് അഥവാ അശരീരിയാകുന്നതിന് പകരം സേവനത്തിന്റെയും സങ്കൽപം നടന്നാൽ സെക്കന്റിന്റെ പേപ്പറിൽ തോറ്റുപോകും. ആ സമയത്ത് നിരാകാരി, നിർവ്വികാരി, നിരഹങ്കാരിയായ ബാബയെയല്ലാതെ മറ്റൊന്നും തന്നെ ഓർമ്മ വരരുത്. സേവനത്തിലാണെങ്കിൽ പിന്നെ സാകാരത്തിലെത്തിച്ചേരും. അതിനാൽ ഈ അഭ്യാസം ചെയ്യൂ, ഏത് സമയത്ത് ഏത് സ്ഥിതിയിൽ സ്ഥിതി ചെയ്യാനാഗ്രഹിക്കുന്നുവോ അതിന് സാധിക്കണം- അപ്പോൾ പറയാം മാസ്റ്റർ സർവ്വ ശക്തിവാൻ, കൺട്രോളിങ്ങ്, റൂളിങ്ങ് പവർ ഉള്ളവരെന്ന്.

### സ്ലോഗൻ: - ഏതൊരു പരിതസ്ഥിതിയെയും സഹജമായി മറി കടക്കാനുള്ള മാർഗ്ഗമാണ്- ഒരു ബലം, ഒരു വിശ്വാസം.